പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

**(ELECTRICITY, LABOUR AND LABOUR WELFARE)**

**ഒന്നാമത് റിപ്പോർട്ട്**

**(2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചത്)**

**FIRST REPORT**
**ON THE SCRUTINY OF DEMANDS FOR GRANTS**
**2011-2012**

2011 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th September 2011)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2011

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VII

# (SUBJECT COMMITTEE VII)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും

(ELECTRICITY, LABOUR AND LABOUR WELFARE)

ഒന്നാമത് റിപ്പോർട്ട്

(2011-2012-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചത്)

FIRST REPORT
ON THE SCRUTINY OF DEMANDS
FOR GRANTS 2011-2012

820/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി VII

## വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും (2011-2013)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. ആര്യാടൻ മുഹമ്മദ്,
ഊർജ്ജ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. ഷിബു ബേബി ജോൺ,
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ
,, എം. ചന്ദ്രൻ
,, പി. കെ. ഗുരുദാസൻ
,, എം. ഹംസ
,, പി. എ. മാധവൻ
,, എൻ. എ. നെല്ലിക്കുന്ന്
,, എ. കെ. ശശീന്ദ്രൻ
,, കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീ. പി. ജി. നിർമ്മൽ കുമാർ രാജു, ജോയിന്റ് സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. എസ്. പ്രസന്നകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ പരിധിയിൽ വരുന്ന, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്, സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2011 ജൂലായ് 26, ആഗസ്റ്റ് 1 എന്നീ തീയതികളിൽ യോഗം ചേർന്ന്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും, മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള വിധം, താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു.

ധനാഭ്യർത്ഥന നമ്പർ XVIII— വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

ധനാഭ്യർത്ഥന നമ്പർ XXIV— തൊഴിലും തൊഴിലാളിക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXXIX— വൈദ്യുതപദ്ധതികൾ

ധനാഭ്യർത്ഥന നമ്പർ XLVI— സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാ-വേളയിൽ സമിതി പരിഗണിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശുപാർശകൾക്കും രൂപം നൽകുകയും അവ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2011 ആഗസ്റ്റ് മാസം 19-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ആര്യാടൻ മുഹമ്മദ്,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VII.*

തിരുവനന്തപുരം,
2011, സെപ്റ്റംബർ 1.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും

വോട്ടുചെയ്തത് : 2481,73,83,000 രൂപ

ചാർജ്ജ് ചെയ്തത് : 61,50,000 രൂപ

**എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് പദ്ധതി**

2210-01-102-99 ഭരണവിഭാഗം

05—ഓഫീസ് ചെലവുകൾ

വിഹിതം : 10,96,000 രൂപ (നോൺ പ്ലാൻ)

1. വെള്ളക്കരത്തിന്റെ നിരക്കിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ വെള്ളക്കരം ഇനത്തിൽ 1,10,000 രൂപയും ഓഫീസ് കമ്പ്യൂട്ടർവൽക്കരിച്ചതിനെ തുടർന്ന് വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുത ചെലവ് എന്ന ഇനത്തിൽ 15,000 രൂപയും ഉൾപ്പെടെ ആകെ 1,25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-102-98 ഡിസ്പെൻസറികൾ

34 മറ്റു ചെലവുകൾ

വിഹിതം : 100,00,000 രൂപ (നോൺ പ്ലാൻ)

2. ഈ ശീർഷകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന തുക സംസ്ഥാനത്തെ 9 ഇ.എസ്.ഐ ആശുപത്രികളുടെയും 137 ഡിസ്പെൻസറികളുടെയും പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്. വെള്ളക്കരം ഇനത്തിൽ 8,00,000 രൂപയും കമ്പ്യൂട്ടർവൽക്കരണത്തെ തുടർന്ന് ഉപഭോഗത്തിൽ വർദ്ധനവ് വന്നിരിക്കുന്നതിനാൽ വൈദ്യുത ചെലവ് ഇനത്തിൽ 28,00,000 രൂപയും ഉൾപ്പെടെ 36,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2210-01-102-96 ഇ.എസ്.ഐ.യുടെ കീഴിലുള്ള പ്രത്യേക ഘടകപദ്ധതികൾക്കുള്ള ചെലവ്.

വിഹിതം : 7,14,76,000 രൂപ (നോൺ പ്ലാൻ)

3. ഡ്രഗ്സ് ആന്റ് ഡ്രസ്സിംഗ്സ് എന്ന ഇനത്തിൽ 28 ലക്ഷം രൂപയും ഓരോ സാമ്പത്തിക വർഷത്തിലും ഉണ്ടാകുന്ന ഐ.പി.കളുടെ വർദ്ധനവുമൂലം ചെലവ് വർദ്ധിക്കുന്നതിനാലും കഴിഞ്ഞ വർഷത്തേതുൾപ്പെടെ ധാരാളം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ തുക നൽകേണ്ടതുള്ളതിനാലും മെഡിക്കൽ ക്ലെയിംസിന്റെ റീ-ഇമ്പേഴ്സ്മെന്റ് എന്ന ഇനത്തിൽ 169.78 ലക്ഷം രൂപയും ഉൾപ്പെടെ 197.78 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXIV—തൊഴിലും തൊഴിലാളിക്ഷേമവും

വോട്ടു ചെയ്തത് : 676,54,37,000 രൂപ

ചാർജ്ജ് ചെയ്തത് : ഇല്ല

2230-01-001-99 നടത്തിപ്പ്

വിഹിതം : 375,27,000 രൂപ (നോൺ പ്ലാൻ)

4. വാഹനം വാങ്ങൽ ഇനത്തിൽ 1000 രൂപ മാത്രമെ വകയിരുത്തിയിട്ടുള്ളു. 10 വർഷത്തിന് മുകളിൽ പഴക്കമുള്ള വാഹനങ്ങളാണ് തൊഴിൽ വകുപ്പിന്റെ കൈവശമുള്ളത്. ഹൈറേഞ്ച് മേഖലകളിൽ പ്രവർത്തിയെടുക്കുന്ന 10 പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഉപയോഗിച്ചു വരുന്ന രണ്ട് വാഹനങ്ങൾ 13 വർഷത്തിലേറെ പഴക്കമുള്ളതാണ്. വകുപ്പിൽ 28 വാഹനങ്ങൾ അടിയന്തിരമായി വാങ്ങേണ്ടതുണ്ട്. വാഹനങ്ങൾ ലഭ്യമാകുന്നതോടുകൂടി മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരവും, കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് ആക്ട് അനുസരിച്ചിട്ടുള്ള രജിസ്ട്രേഷൻ ഊർജ്ജിതപ്പെടുത്തുന്നതിനും തന്മൂലം റവന്യൂ വരുമാനം 20 കോടി എങ്കിലും അധിക സമാഹരിക്കുന്നതിനും കഴിയും. ആയതിനാൽ ഈ ഇനത്തിൽ ഒരു കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

5. തൊഴിൽ വകുപ്പിൽ പ്ലാനിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന്റെ ഭാഗമായി എല്ലാ ഓഫീസുകളിലുമായി 220 കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ട്. ഇവയുടെ വാർഷിക മെയിന്റനൻസ്, സ്റ്റേഷനറി സാധനങ്ങൾ എന്നിവയ്ക്കായി 3 ലക്ഷം രൂപയും, വേതന ഇനത്തിൽ 3.32 ലക്ഷം രൂപയും, ഓഫീസ് ചെലവ് ഇനത്തിൽ 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 36.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-001-97 ലേബർ കമ്മീഷണറേറ്റിന്റെ ആധുനികവൽക്കരണം

വിഹിതം : 25,00,000 രൂപ (പ്ലാൻ)

6. ലേബർ ഓഫീസുകളുടെ ആധുനികവൽക്കരണം, കമ്പ്യൂട്ടറൈസേഷൻ, ട്രെയിനിംഗ്, പർച്ചേസ് ഓഫ് ബുക്ക്സ് തുടങ്ങിയ ഇനങ്ങൾക്കാണ് മേൽ തുക വകയിരുത്തിയിട്ടുള്ളത്. കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കി വെബ് എനേബിൾഡ് സോഫ്റ്റ് വെയറിലേക്ക് മാറുവാൻ തയ്യാറാകുന്ന തൊഴിൽ വകുപ്പിന് സോഫ്റ്റ് വെയർ നിർമ്മാണത്തിന് 14 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-95 വ്യാവസായിക ട്രിബ്യൂണൽ, കോഴിക്കോട്

വിഹിതം : 44,76,000 രൂപ (നോൺ പ്ലാൻ)

7. കോഴിക്കോട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ഒരു കമ്പ്യൂട്ടർ വാങ്ങുന്നതിന് ഓഫീസ് ചെലവുകൾ ഇനത്തിൽ 33,500 രൂപയും, ശമ്പളപരിഷ്ക്കരണം നടപ്പാക്കിയതുമൂലം വന്ന അധികച്ചെലവ് പരിഗണിച്ച് വേതനം ഇനത്തിൽ

25000 രൂപയും, വൈദ്യുതി ചെലവ് ഇനത്തിൽ 6000 രൂപയും മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ ഇൻഷ്വറൻസ് പ്രീമിയം കുടിശ്ശിക ആയിട്ടുള്ള ബില്ലുകൾ അടവു വരുത്തുന്നതിനായി 15000 രൂപയും ഉൾപ്പെടെ 79,500 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-94 വ്യാവസായിക ട്രിബ്യൂണൽ കൊല്ലം

വിഹിതം : 40,92,000 രൂപ (നോൺ പ്ലാൻ)

8. കൊല്ലം ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന് ശമ്പളപരിഷ്ക്കരണംമൂലം ഉണ്ടായ അധിക ബാദ്ധ്യത നേരിടുന്നതിന് വേതനം ഇനത്തിൽ 12,000 രൂപയും, യാത്രാ ചെലവുകൾ ഇനത്തിൽ യാത്രാബത്ത പരിഷ്ക്കരിച്ചതിനാലും ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധിക ചുമതല വഹിക്കുന്നതിനാലും 60,000 രൂപയും, ഓഫീസ് ചെലവുകളിൽ ഇന്റർനെറ്റ് കണക്ഷനെടുത്തതിനാൽ ടെലഫോൺ ചെലവ് ഇനത്തിൽ, 3,000 രൂപയും, മറ്റിനങ്ങൾക്കായി 30,000 രൂപയും, റെക്കോർഡ് റൂം നിർമ്മിക്കുന്നതിനും ഫർണിച്ചർ മാറ്റി ഓഫീസ് ആധുനികവൽക്കരിക്കുന്നതിനും 1,00,000 രൂപയും, ഇടുക്കി ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ അധികച്ചുമതല വഹിക്കുന്നതിനാൽ പി.ഒ.എൽ ഇനത്തിൽ 1,13,000 രൂപയും ഉൾപ്പെടെ ആകെ 3.18 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-93 തൊഴിൽ കോടതി, കൊല്ലം

വിഹിതം : 37,88,000 രൂപ (നോൺ പ്ലാൻ)

9. കൊല്ലം ലേബർ കോടതിയുടെ ശമ്പള ഇനത്തിൽ 1,00,000 രൂപയും മറ്റ് അലവൻസുകൾക്ക് 73,000 രൂപയും, വേതനം ഇനത്തിൽ 75,000 രൂപയും ടെലിഫോൺ ചെലവിനത്തിൽ 25,000 രൂപയും മറ്റിനങ്ങൾക്കായി 50,000 രൂപയും ഉൾപ്പെടെ 3.23 ലക്ഷംരൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-92 തൊഴിൽ കോടതി, കോഴിക്കോട്

വിഹിതം : 31,33,000 രൂപ (നോൺ പ്ലാൻ)

10. കോഴിക്കോട് ലേബർ കോടതിക്ക് വേതനം ഇനത്തിൽ 26,000 രൂപയും വൈദ്യുതി ചെലവിനത്തിൽ 15,000 രൂപയും ഉൾപ്പെടെ 41,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-91 തൊഴിൽ കോടതി, എറണാകുളം

വിഹിതം : 39,41,000 രൂപ (നോൺ പ്ലാൻ)

11. എറണാകുളം ലേബർ കോടതിക്ക് മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 20,000 രൂപയും റിട്ടയർ ചെയ്ത പ്രിസൈഡിംഗ് ഓഫീസർക്ക് സ്ഥലംമാറ്റ ബത്ത നൽകുന്നതിലേക്കായി പ്രസ്തുത ഇനത്തിൽ

17,950 രൂപയും ഉൾപ്പെടെ 37,950 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-89 ലേബർ കോടതി, കണ്ണൂർ

വിഹിതം : 36,47,000 രൂപ (നോൺ പ്ലാൻ)

12. കണ്ണൂർ ലേബർ കോടതിക്ക് ട്രാൻസ്ഫർ ടി.എ. ഇനത്തിൽ 30,000 രൂപയും, വെള്ളക്കരം ഇനത്തിൽ 2000 രൂപയും പ്രിസൈഡിംഗ് ഓഫീസർക്ക് കോഴിക്കോട്, കൊല്ലം, എറണാകുളം തൊഴിൽ കോടതികളുടെ അധികച്ചുമതല കൂടി ഉള്ളതിനാൽ പി.ഒ.എൽ ഇനത്തിൽ 50,000 രൂപയും രണ്ട് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി മറ്റിനത്തിൽ 90,000 രൂപയും ഉൾപ്പെടെ 1.72 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-101-85 വ്യാവസായിക ട്രിബ്യൂണൽ, പാലക്കാട്

വിഹിതം : 49,26,000 രൂപ (നോൺ പ്ലാൻ)

13. പാലക്കാട് ട്രിബ്യൂണലിന് വാടക കുടിശ്ശിക അനുവദിക്കുന്നതിലേക്കായി 16,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-99 വ്യവസായശാല ഡയറക്ടറാഫീസ്

വിഹിതം : 7,31,12,000 രൂപ (നോൺ പ്ലാൻ)

14. ഈ ശീർഷകത്തിൽ 04 യാത്രാ ചെലവുകൾ ഇനത്തിൽ 5,00,000 രൂപയും 05 ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,50,000 രൂപയും 06 വാടക, കരം നികുതി എന്ന ഇനത്തിൽ 50,000 രൂപയും, 21 മോട്ടോർ വാഹനങ്ങൾ എന്ന ഇനത്തിൽ നാലു വാഹനങ്ങൾ വാങ്ങുന്നതിനായി 35 ലക്ഷം രൂപയും, 34 മറ്റ് ചെലവുകൾ എന്ന ഇനത്തിൽ 80,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-102-95 ജോലി സുരക്ഷിതത്വവും ആരോഗ്യ പ്രവർത്തനവും

വിഹിതം : 105,92,000 രൂപ (നോൺ പ്ലാൻ)

15. യാത്രാചെലവുകൾ ഇനത്തിൽ 15,000 രൂപയും, ഓഫീസ് ചെലവുകൾ എന്ന ഇനത്തിൽ 1,00,000 രൂപയും പി.ഒ.എൽ. ഇനത്തിൽ 20,000 രൂപയും കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-96 കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംശദാനം

വിഹിതം : 520,00,000 രൂപ (നോൺ പ്ലാൻ)

16. ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 55000-ൽ അധികം പെൻഷനേഴ്സ് ഉള്ള കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ, 12 മാസത്തെ പെൻഷൻ 400 രൂപ നിരക്കിൽ മണിയോർഡർ കമ്മീഷൻ ഉൾപ്പെടെ നൽകുന്നതിന് വേണ്ടി വരുന്ന 2772 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-94 മരം കയറ്റ തൊഴിലാളികൾക്കുള്ള സാമ്പത്തിക സഹായം (ജനറൽ)

വിഹിതം : 85,00,000 രൂപ (നോൺ പ്ലാൻ)

17. മരം കയറ്റ തൊഴിലാളിക്ക് തൊഴിലിനിടയിൽ അപകടത്തിൽപ്പെട്ട് മരണം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിയുടെ ആശ്രിതന് 50,000 രൂപയും, സ്ഥായിയായ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ തൊഴിലാളിക്ക് 25,000 രൂപയും നൽകി വരുന്നു. 2010-11 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ അനുവദിച്ചിരുന്ന 77 ലക്ഷം രൂപ ജനുവരി 2010 വരെയുള്ള അപേക്ഷകൾക്ക് മാത്രമേ നൽകുവാൻ കഴിഞ്ഞിട്ടുള്ളു. 2010 ഫെബ്രുവരി മുതൽ 2012 മാർച്ച് വരെയുള്ള അപേക്ഷകൾക്ക് ആനുകൂല്യം നൽകുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് ഉപരിയായി 2 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-92 കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതി

വിഹിതം : 28,00,000 രൂപ (നോൺ പ്ലാൻ.)

18. ക്ഷേമ പെൻഷനുകൾ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ 11,500-ൽ അധികം പെൻഷനേഴ്സുള്ള കേരള കൈത്തറി ക്ഷേമ നിധി ബോർഡിൽ പെൻഷൻ ഇനത്തിൽ 6 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-88 കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് ബെനിഫിറ്റ് സ്കീം

വിഹിതം : 10,00,000 രൂപ (നോൺ പ്ലാൻ)

19. മറ്റ് ക്ഷേമനിധികളുടെ പരിധിയിൽ വരാത്ത കൈത്തൊഴിലുകാർക്കും അസംഘടിത തൊഴിലാളികൾക്കും ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമനിധിയിലേക്കുള്ള അംശദാനമാണ് ഈ ശീർഷകത്തിൽ വകക്കൊള്ളിച്ചിട്ടുള്ളത്. അംശദാനം നൽകുന്നതിന് 39,82,000 രൂപ ആവശ്യമുണ്ട്. ആയതിനാൽ 29.82 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-86 കേരളത്തിലെ തയ്യൽ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതിയും മറ്റ് പുതിയ പദ്ധതികളും

വിഹിതം : 20,00,000 രൂപ (നോൺ പ്ലാൻ)

20. 16048 പെൻഷനേഴ്സുള്ള ഈ സ്ഥാപനത്തിൽ ഒരു വർഷം പെൻഷൻ നൽകുവാൻ 8,08,81,920 രൂപ വേണ്ടി വരും. ആയതിനാൽ 47,33,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-79 കേരള ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള ഗ്രാന്റ്.

വിഹിതം : 22,00,000 രൂപ (നോൺ പ്ലാൻ)

21. ഈ ശീർഷകത്തിൽ 28 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-78 1-4-1997-ന് അറുപത് വയസ്സ് തികയുന്ന ചുരുട്ടു തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന്.

വിഹിതം : 7,00,000 രൂപ (നോൺ പ്ലാൻ)

22. 2010—2011-ൽ ഈ ശീർഷകത്തിൽ അനുവദിച്ച തുക 2010 സെപ്റ്റംബർ വരെയുള്ള പെൻഷൻ നൽകുന്നതിന് മാത്രമേ കഴിഞ്ഞിട്ടുള്ളു. 2010 ഒക്ടോബർ മുതൽ 2011 മാർച്ച് വരെയുള്ള പെൻഷന് ആവശ്യമായ 5,89,680 രൂപ ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും ചെലവഴിക്കുകയും ആയത് ഇപ്പോൾ അനുവദിച്ചിട്ടുള്ള 7 ലക്ഷം രൂപയിൽ നിന്നും സർക്കാർ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഈ ഇനത്തിൽ 1,10,320 രൂപ മാത്രമേ നീക്കിയിരിപ്പുള്ളു. ക്ഷേമ പെൻഷനുകൾ 400 രൂപയായി ഉയർത്തിയ സാഹചര്യത്തിൽ 351 തൊഴിലാളികളുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 16,59,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-73 കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമ നിധി-അംശദാനം

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ)

23. ക്ഷേമ പെൻഷൻ 100 രൂപ കൂടി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമായതിനാൽ പെൻഷൻ നൽകുന്നതിന് മാത്രമായി 147.17 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-72 കേരള കർഷക തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം

വിഹിതം : 61,00,000 രൂപ (നോൺ പ്ലാൻ)

24. തൊഴിലാളികളിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ലഭിക്കുന്ന അംശാദായത്തിന് തുല്യമായ മാച്ചിംഗ് ഗ്രാന്റ് ലഭിക്കുവാൻ ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ 2010-2011-ൽ ഈ ഇനത്തിൽ ബോർഡിന് 7,61,69,506 രൂപ ലഭിച്ചിട്ടുള്ളതിനാൽ തുല്യമായ തുകയ്ക്ക് അർഹതയുണ്ട്. ആയതിനാൽ ഈ ഇനത്തിലുള്ള ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 700.70 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-71 കേരള ഈറ്റ, കാട്ടുവള്ളി, തഴപ്പായ് തൊഴിലാളി ക്ഷേമ ബോർഡ് അംശദാനം

വിഹിതം : 9,10,000 രൂപ (നോൺ പ്ലാൻ)

25. ക്ഷേമ പെൻഷൻ 100 രൂപ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 289.45 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-62 പ്ലാന്റേഷൻ തൊഴിലാളികൾക്കുള്ള ആശ്വാസ നിധി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

26. ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക ഇടുക്കി ഉൾപ്പെടെ തിരുവനന്തപുരം, കൊല്ലം, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ തോട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും, പഠനോപകരണങ്ങൾ വാങ്ങുന്നതിനും ഉന്നത വിദ്യാഭ്യാസം, ആരോഗ്യം എന്നീ കാര്യങ്ങൾക്കും വേണ്ടി ചെലവഴിക്കാനുള്ളതാണ്. ഒരു സാമൂഹ്യസുരക്ഷാ ക്ഷേമപദ്ധതിയായ ഇതിലേക്ക് വർഷന്തോറും മേൽനടപടിക്കായി 5 കോടിയിലധികം രൂപ ആവശ്യമായി വരും. ഫണ്ടിന്റെ അഭാവം ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 2010-11-ലെ ചെലവുകൾക്കായി നീക്കി വയ്ക്കേണ്ടുന്ന 4,77,00,000 രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട്. 2011-12-ൽ ചെയ്യേണ്ടുന്ന പ്രോഗ്രാം കൂടി ചേരുമ്പോൾ ഈ ഇനത്തിൽ ബാദ്ധ്യത 9,00,00,000 രൂപയോളമായി ഉയരും. ഈ ശീർഷകത്തിൽ ടോക്കണായി ഉൾക്കൊള്ളിച്ചിട്ടുള്ള 1000 രൂപ അപര്യാപ്തമായതിനാൽ 9 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-61 കേരള ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമ പദ്ധതി

വിഹിതം : 17,00,000 രൂപ (നോൺ പ്ലാൻ)

27. 927 പെൻഷനേഴ്സ് ഉള്ളതിനാൽ പെൻഷന് മാത്രം 46,72,000 രൂപ ആവശ്യമായി വരും. ആയതിനാൽ 29,72,000 രൂപ കൂടി ഈ ഇനത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-51 സാമൂഹ്യ സുരക്ഷയ്ക്കായുള്ള സുപ്രധാന പരിപാടി

വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

28. കേരള കൈത്തൊഴിലാളി വിദഗ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വം കൈകൊണ്ട് 10 കൊല്ലം വരിസംഖ്യ അടച്ച് 60 വയസ്സ് പൂർത്തിയായി റിട്ടയർ ചെയ്യുന്ന സംസ്ഥാനത്തെ എഴുത്തച്ചൻ-ആശാട്ടി തുടങ്ങി അസംഘടിത മേഖലയിലെ 60 വയസ്സ് കഴിഞ്ഞ തൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമ പെൻഷനുകളുടെ നിരക്കിൽ പെൻഷൻ നൽകുന്ന ഒരു പദ്ധതിയാണിത്. ഏകദേശം 3384 പെൻഷനേഴ്സ് ഉള്ള ഈ പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നിലവിലെ നിരക്കിൽ പെൻഷൻ നൽകുന്നതിന് 1,70,55,360 രൂപ ആവശ്യമുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കുവാൻ 64 ലക്ഷം രൂപ വേണ്ടിവരും. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-35 കേരള ചുമട്ടുതൊഴിലാളി (ചിതറിക്കിടക്കുന്ന വിഭാഗം)ക്ഷേമപദ്ധതി

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

29. ഈ ശീർഷകത്തിൽ അനുവദിക്കുന്ന തുക, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ സംസ്ഥാനത്തെ പലവിഭാഗങ്ങളിലായുള്ള ചുമട്ടു തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതിയുടെ ചെലവിനുള്ളതാണ്. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-34 കേരള ഓട്ടോമൊബൈൽ തൊഴിലാളി ക്ഷേമനിധി പദ്ധതി.

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

30. സംസ്ഥാനത്തെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് ആനുകൂല്യമെത്തിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ ശീർഷകത്തിൽ 1.56 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-32 കേരളത്തിലെ വിലവിവര സൂചിക നിർണ്ണയം

വിഹിതം : 1,000 രൂപ (നോൺ പ്ലാൻ)

31. 2010 അടിസ്ഥാന വർഷമാക്കി സംസ്ഥാനത്തെ തൊഴിലാളികളുടെ വിലവിവര സൂചിക നിർണ്ണയിക്കുന്നതിന് 41,63,800 രൂപ ചെലവ് നിശ്ചയിച്ച് സംസ്ഥാന സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിനെ ചുമതലപ്പെടുത്തി വിവര ശേഖരണം നടത്തി വരികയാണ്. പ്രസ്തുത ശീർഷകത്തിൽ നാളിതുവരെ 23,31,000 രൂപ മാത്രമേ നൽകിയിട്ടുള്ളു. നിശ്ചിത കാലഘട്ടത്തേക്ക് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ താൽക്കാലിക തസ്തിക അനുവദിച്ച് ചെയ്യുന്ന നടപടി ആകയാൽ പുതിയ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം കൂടുതൽ തുക ആവശ്യമായി വരും. ആയതിനാൽ ഈ ശീർഷകത്തിൽ 13 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-27 അവശരായ മരം കയറ്റത്തൊഴിലാളികൾക്കുള്ള പെൻഷൻ സ്കീം

വിഹിതം : 125,00,000 രൂപ (പ്ലാൻ)

32. കേരള മരം കയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം മരത്തിൽ നിന്നും വീണ് പരിക്ക് ഏൽക്കുകയോ, മരണം സംഭവിക്കുകയോ ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ വകുപ്പിൽ നിന്നും ധനസഹായം നൽകി വരുന്നുണ്ട്. അപകടം സംഭവിച്ചാൽ അനാഥമാകുന്ന കുടുംബത്തിന് ഒരു സഹായമായി, അപകടം സംഭവിച്ച തൊഴിലാളികൾക്ക് ശേഷിക്കുന്ന ജീവിതകാലം മുഴുവൻ പെൻഷൻ നൽകുവാനും, മരണപ്പെടുന്ന തൊഴിലാളിയുടെ ആശ്രിതർക്ക് സർക്കാർ നിശ്ചയിക്കുന്ന ക്ഷേമ പെൻഷനുകളുടെ തുകയിൽ കുറയാത്ത തുക അനുവദിക്കാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. 1981 മുതൽ ആനുകൂല്യം കൈപ്പറ്റിയ തൊഴിലാളികൾക്ക് ഈ ആനുകൂല്യം കൊടുക്കേണ്ടി വരുമെന്നതിനാൽ 3 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-25 അസംഘടിത മേഖലയിലെ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യങ്ങൾ

വിഹിതം : 3,30,00,000 രൂപ (പ്ലാൻ)

33. നിലവിൽ കേരളത്തിലെ ക്ഷേമനിധി ബോർഡുകൾ നൽകിവരുന്ന പ്രസവാനുകൂല്യം, തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പളം നിലനിർത്തിക്കൊണ്ടാണ് നൽകുന്നത്. ഈ ആനുകൂല്യം വിവിധ ക്ഷേമനിധി ബോർഡുകളിൽ വ്യത്യസ്ത തോതിൽ 500 മുതൽ 3000 രൂപ വരെയാണ് നൽകുന്നത്. ഇത്തരം ആനുകൂല്യങ്ങൾക്ക് ഒരു ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനും, അർഹതപ്പെട്ട കുറഞ്ഞ വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ഉദ്ദേശിച്ചു കൊണ്ടുള്ള പദ്ധതിയാണിത്.ഈ പദ്ധതിക്ക് അനുവദിച്ചിരിക്കുന്ന 330 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-01-103-22 രാഷ്ട്രീയ സ്വസ്ത്യ ഭീമായോജന (25% സംസ്ഥാന സഹായം)

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

34. പ്രീമിയം തുകയിൽ വർദ്ധനവ് വന്നിരിക്കുന്ന സാഹചര്യത്തിൽ 7 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-99 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

വിഹിതം : 31,10,87,000 രൂപ (നോൺ പ്ലാൻ)

35. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് ഡിപ്പാർട്ട്മെന്റിലെ പദ്ധതിയിതര ഇനത്തിൽപ്പെട്ട 91 സബ് ഓഫീസുകളുടെയും, ഡയറക്ടറേറ്റിന്റേയും, ജീവനക്കാരുടെ ശമ്പളം, അലവൻസുകൾ, ഓഫീസ് ചെലവുകൾ, കെട്ടിടവാടക എന്നീ ഇനങ്ങൾക്കു വേണ്ടിയുള്ള തുകയാണിത്. എംപ്ലോയ്മെന്റ് വകുപ്പിലെ 103 ഓഫീസുകളിലും 2010-2011-ൽ തന്നെ ടെലിഫോൺ/ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയതിനാൽ ടെലിഫോൺ ചാർജ്ജിനത്തിലുണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്ത് ഈ ഇനത്തിൽ 11.38 ലക്ഷം രൂപയും, കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കിയിട്ടുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി വിവരസാങ്കേതിക വിദ്യ ഇനത്തിൽ 7 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ ഇനത്തിൽ 14 ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളിലേക്കും വാഹനം വാങ്ങുന്നതിന് 1,11,77,000 രൂപയും, സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ 3,30,000 രൂപയും പി. ഒ. എൽ. ഇനത്തിൽ 4,61,000 രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-001-98 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കമ്പ്യൂട്ടർവൽക്കരണവും ജീവനക്കാരുടെ പരിശീലനവും

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

36. സംസ്ഥാനത്തെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടറൈസ് ചെയ്യുന്നതിന് 4.59 കോടി രൂപയുടെ പദ്ധതി സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന 100 ലക്ഷം രൂപയ്ക്കു പുറമെ 359 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-91 രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വേർപിരിഞ്ഞവർ/അവിവാഹിതർ/വിവാഹംകഴിക്കാത്ത അമ്മമാർ എന്നിവർക്കായുള്ള സ്വയംതൊഴിൽ പദ്ധതി

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

37. നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് 2010-2011-ൽ പുതിയതായി അനുവദിച്ചിട്ടുള്ള ഈ പദ്ധതി പ്രകാരം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെമാത്രം വരുമാനമുള്ള വിധവകൾ/ഉപേക്ഷിക്കപ്പെട്ടവർ/വിവാഹം കഴിക്കാത്ത അമ്മമാർ എന്നിവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50% സബ്സിഡിയോടു കൂടി പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. 2011–2012–ലേക്ക് ഈ പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യപ്രാപ്തിക്കായി 350 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-90 സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശക്തിപ്പെടുത്തൽ

വിഹിതം : 20,00,000 രൂപ (പ്ലാൻ)

38. സംസ്ഥാനത്തെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളിൽ തെരഞ്ഞെടുത്ത 6 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 2010-2011-ൽ വകയിരുത്തിയിരുന്ന 10 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. ബാക്കിയുള്ള 15 യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്ക് 2011-2012-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 20 ലക്ഷം രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 3.05 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-02-101-89 പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പരിശീലനവും, നിർദ്ദേശങ്ങളും നൽകാൻ കേന്ദ്രം സ്ഥാപിക്കൽ

വിഹിതം : 40,21,000 രൂപ (നോൺ പ്ലാൻ)

39. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ കോച്ചിംഗ് ഗൈഡൻസ് സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്തുന്നതിനായി 27,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-001-97 ആസൂത്രണ നിരീക്ഷണ വിഭാഗം—നവീകരണവും കമ്പ്യൂട്ടർ വൽക്കരണവും

വിഹിതം : 20,00,000 രൂപ (പ്ലാൻ)

40. സ്റ്റേറ്റ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പ്ലാനിംഗ് ആന്റ് മോണിറ്ററിംഗ് സെൽ സംസ്ഥാന പ്ലേസ്മെന്റ് സെൽ ആയും പ്രവർത്തിക്കേണ്ടതിനാൽ അതിനാവശ്യമായ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തെ ഐ.ടി.ഐ.കളിലെ അഡ്മിഷൻ ഓൺലൈൻ ആക്കി മാറ്റുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-87 ഐ.റ്റി.ഐ.കളുടെ നവീകരണം

വിഹിതം : 18,50,00,000 രൂപ (പ്ലാൻ)

41. സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ നിലവിലുള്ള ട്രേഡുകൾ, ഉപകരണങ്ങൾ എന്നിവയുടെ നവീകരണം, നിലവിലുള്ള ഐ.ടി.ഐ.കളുടെ പദവി ഉയർത്തൽ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കൽ, എൻ.സി.വി.റ്റി.യുമായി അഫിലിയേറ്റ് ചെയ്യുന്നതിന് വേണ്ടി യന്ത്രോപകരണങ്ങളുടെ സംഭരണം, നിലവിലുള്ള ഐ.ടി.ഐ.കളിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞ ട്രേഡുകൾ നിർത്തലാക്കി ആധുനിക ട്രേഡുകൾ തുടങ്ങുക, കൂടുതൽ യൂണിറ്റുകൾ ഉള്ള ട്രേഡുകളിൽ ആധുനിക യൂണിറ്റുകൾ നവീകരിക്കുക, മുൻ വർഷങ്ങളിൽ ആരംഭിച്ച ഐ.ടി.ഐ.കളിൽ അധിക യൂണിറ്റുകൾ അനുവദിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 579.20 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-80 പുതിയ ഐ.ടി.ഐ.കൾ സ്ഥാപിക്കൽ

വിഹിതം : 1,000 രൂപ (പ്ലാൻ)

42. സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നതിന് ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ജീവനക്കാരുടെ ശമ്പളം മുതലായവയ്ക്കുമായി 200 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-79 കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

43. കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയെ നവഊർജ്ജം നൽകി പുനരുജ്ജീവിപ്പിക്കാൻ സ്ഥാപിതമായിട്ടുള്ള കേരള സ്റ്റേറ്റ് ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണത്തിനും പരിശീലനത്തിനുമായി 500 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-101-76 പ്രത്യേക തൊഴിൽ പരിശീലനം

വിഹിതം : 10,00,000 രൂപ (പ്ലാൻ)

വിഹിതം : 69,34,000 രൂപ (നോൺ പ്ലാൻ)

44. വ്യവസായശാലകളിൽ പ്രവർത്തി പരിചയം ഉള്ളവർക്കും ഐ.ടി.ഐ. ഡിപ്ലോമാ, ഡിഗ്രി പാസ്സായവർക്കും ആധുനിക ഉപകരണങ്ങളിൽ പരിശീലനം നൽകി പ്രാപ്തരാക്കുന്ന ഈ പരിപാടിക്ക് യന്ത്രസാമഗ്രികൾ വാങ്ങുന്നതിലേക്കായി 67 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-800-94 കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ ആന്റ് എംപ്ലോയ്മെന്റ്

വിഹിതം : 12,77,000 രൂപ (നോൺ പ്ലാൻ)

45. സംസ്ഥാന തൊഴിൽ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്വയം ഭരണ സ്ഥാപനത്തിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനും, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കുമായി 21.17 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230-03-800-85 എംപ്ലോയ്മെന്റുകളും ഫിനിഷിംഗ് സ്കൂളുകളും

വിഹിതം : 50,00,000 രൂപ (പ്ലാൻ)

46. തൊഴിലന്വേഷകർക്ക് പ്രാവീണ്യം ലഭ്യമാകുന്ന പരിശീലനം നൽകുന്നതിനുള്ള ഈ പദ്ധതി സംസ്ഥാനത്തെ 14 ഐ.ടി.ഐ.കളിൽ നടപ്പാക്കി വരുന്നു. നിലവിൽ പരിശീലനം നടത്തി വരുന്നവർക്കുൾപ്പെടെ, എല്ലാവർക്കും ഇതിന്റെ പ്രയോജനം ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 130 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4250-00-201-96 ലേബർ കമ്മീഷണറുടെ ഓഫീസ്—കെട്ടിടം പണിയുന്നതിന് 01-മരാമത്ത് പണികൾ

വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

47. ലേബർ കമ്മീഷണറുടെ ഓഫീസ് കെട്ടിടം പണിയുന്നതിന് തിരുവനന്തപുരത്ത് പി.എം.ജി. ജംഗ്ഷനിൽ വികാസ് ഭവൻ ബസ് സ്റ്റാന്റിന് എതിർവശം സർക്കാർ ഭൂമിയിൽ ലേബർ കോംപ്ലക്സ് എന്ന കെട്ടിടം പി.ഡബ്ല്യു.ഡി. നിർമ്മിച്ചു വരികയാണ്. ആകെ 7 നിലകളുള്ള പ്ലാൻ തയ്യാറാക്കപ്പെട്ടിട്ടുള്ള മേൽ കെട്ടിടത്തിൽ ആദ്യ ഘട്ടം എന്ന നിലയിൽ നാല് നില പൂർത്തിയാക്കി ഓഫീസ് പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. 7 നിലയുടെ നിർമ്മാണ പ്രവർത്തനം നടന്നെങ്കിൽ മാത്രമെ ലിഫ്റ്റ് വെൽ, ജനറേറ്റർ റൂം, റീട്ടെയിനിംഗ് വാൾ എന്നിവയുടെ നിർമ്മാണം നടത്തി ഇപ്പോൾ നിലവിൽ നിർമ്മാണം പൂർത്തിയായ നാല് നിലകൾ പ്രവർത്തനക്ഷമമാക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി, പി.ഡബ്ല്യു.ഡി. നൽകിയ എസ്റ്റിമേറ്റ് തുകയായ 6.16 കോടിയിൽ, ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം കഴിച്ച് ബാക്കിയുള്ള 3.96 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2230—സബ്മേജർ ഹെഡ്സ് 03 പരിശീലനം

**പദ്ധതിയിതര ചെലവുകൾ**

48. 2230-03 സബ്മേജർ ഹെഡ്ഡിൽ പദ്ധതിയിതര ചെലവുകളിൽ അധികമായി 12,03,54,000 രൂപ താഴെപറയും പ്രകാരം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

02 വേതനം

| | | | | |
|---|---|---|---|---|
| 2230-03-001-99 | - | 9,000 | | |
| ആകെ | - | 9,000 രൂപ | | 9,000 രൂപ |

04 യാത്രാചെലവുകൾ

| | | | | |
|---|---|---|---|---|
| 2230-03-001-99 | - | 2,05,000 | | |
| 2230-03-001-98 | - | 6,000 | | |
| 2230-03-101-99 | - | 17,47,000 | | |
| 2230-03-101-98 | - | 38,000 | | |
| 2230-03-101-96 | - | 48,000 | | |
| 2230-03-101-76 | - | 13,000 | | |
| 2230-03-102-99 | - | 40,000 | | |
| ആകെ | | 20,97,000 രൂപ | | 21,06,000 രൂപ |

05 ഓഫീസ് ചെലവുകൾ

| | | | | |
|---|---|---|---|---|
| 2230-03-001-99 | - | 1,80,000 | | |
| 2230-03-001-98 | - | 7,000 | | |
| 2230-03-101-99 | - | 13,72,000 | | |
| 2230-03-101-98 | - | 9,000 | | |
| 2230-03-101-96 | - | 37,000 | | |
| 2230-03-101-76 | - | 2,000 | | |
| 2230-03-102-99 | - | 33,000 | | |
| ആകെ | - | 16,40,000 രൂപ | | 37,46,000 രൂപ |

06 വാടക, കരം, നികുതി

2230-03-102-99 - 3,55,000

ആകെ - 3,55,000 രൂപ 41,01,000 രൂപ

12 സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും

2230-03-101-99 - 23,88,000

2230-03-101-98 - 1,83,000

2230-03-101-96 - 50,000

ആകെ - 26,21,000 രൂപ 67,22,000 രൂപ

17 ചെറുകിട മരാമത്ത് പണികൾ

2230-03-001-99 - 9,30,00,000

ആകെ - 9,30,00,000 രൂപ 9,97,22,000 രൂപ

21 മോട്ടോർ വാഹനങ്ങൾ

2230-03-001-99 - 10,33,000

ആകെ - 10,33, 000 രൂപ 10,07,55,000 രൂപ

28 തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

2230-03-101-98 - 12,000

2230-03-101-96 - 5,000

2230-03-102-99 - 1,75,000

ആകെ - 1,92,000 രൂപ 10,09,47,000 രൂപ

34 മറ്റ് ചെലവുകൾ

2230-03-001-99 - 4,40,000

2230-03-101-99 - 1,68,67,000

2230-03-101-98 - 4,22,000

2230-03-101-96 - 2,55,000

2230-03-101-76 - 10,000

2230-03-102-99 - 13,01,000

ആകെ - 1,92,95,000 രൂപ 12,02,42,000 രൂപ

45 പി.ഒ.എൽ.

| | | | | |
|---|---|---|---|---|
| 2230-03-001-99 | - | 53,000 | | |
| 2230-03-101-99 | - | 53,000 | | |
| 2230-03-101-98 | - | 6,000 | | |
| ആകെ | - | 1,12,000 രൂപ | 12,03,54,000 രൂപ | |

## പൊതു ശുപാർശകൾ

ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ (പുതിയ സ്കീം)

49. ഐ.ടി.ഐ.കളിൽ കമ്പ്യൂട്ടർ, ഫോൺ ലൈൻ,ഇന്റർനെറ്റ് സൗകര്യം, ഫാക്സ് മെഷീൻ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്, ട്രെയിനിംഗ്, കൗൺസിലിംഗ് & പ്ലേസ്മെന്റ് സെൽ രൂപീകരിക്കുന്നതിന് ആവശ്യമുള്ള ഉപകരണങ്ങളും, അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനും, സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനും, സൗകര്യം ഒരുക്കുന്നതിനുമായി 71 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൊല്ലത്തും എറണാകുളത്തും റീജിയണൽ ഡയറക്ടറേറ്റ്

50. സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിൽ 38 ഐ.ടി.ഐ.കൾ പുതിയതായി പ്രവർത്തനം ആരംഭിക്കുകയും 7 ഐ.ടി. ഐ.-കൾ ഒന്നാം നിര ഐ.ടി.ഐ. കളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാനത്ത് 500-ൽ അധികം ഐ.റ്റി.സി.കളും പ്രവർത്തിക്കുന്നു. ഇക്കാരണങ്ങളാൽ ഡയറക്ടറേറ്റിലെ ജോലി ഭാരം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ പ്രവർത്തനത്തിനും, വിവിധ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനും, ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നതിനും വേണ്ടി കൊല്ലത്തും, എറണാകുളത്തും ഓരോ മേഖലാ കേന്ദ്രം ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഇൻഫർമേഷൻ ടെക്നോളജി സംരംഭങ്ങൾ

51. ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ, സംസ്ഥാന ഐ.ടി. സ്കൂളുമായി സഹകരിച്ച്, സംസ്ഥാനത്തെ 30 ഐ.ടി.ഐ.-കളിൽ, ട്രെയിനിംഗ് നൽകുന്നതിനുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 250 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഒഡെപെക്

52. ഒഡെപെക്കിന് കാലാകാലങ്ങളായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തുന്നില്ല. ടിക്കറ്റ് വിറ്റ് കിട്ടുന്ന പണവും, റിക്രൂട്ട്മെന്റിന് ലഭിക്കുന്ന ചെറിയ കമ്മിഷനും കൊണ്ടാണ് ഈ സ്ഥാപനം നിലനിർത്തിക്കൊണ്ടുപോകുന്നത്. സമൂഹത്തിന് വളരെയധികം ഗുണം ചെയ്യുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്ക് ആവശ്യമായ പരിഗണന ഒഡെപെക്കിന് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

വോട്ടുചെയ്തത് : 36,82,13,000 രൂപ

ചാർജ് ചെയ്തത് : ഇല്ല.

2801-80-101-99 വിദ്യുച്ഛക്തി സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് വിദ്യുച്ഛക്തി ബോർഡിനുള്ള ദ്രവ്യസഹായം

53. കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ്, 120 യൂണിറ്റിന് താഴെ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ തെർമൽ സർചാർജിൽ നിന്നും ഒഴിവാക്കുന്നതുമൂലം ബോർഡിനുണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിന് ആവശ്യമായ തുക സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2801-80-101-94 കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനുള്ള ദ്രവ്യസഹായം

54. സാമൂഹ്യ ബാദ്ധ്യത കണക്കിലെടുത്ത്, കൂടിയ വിലയ്ക്ക് വിദ്യുച്ഛക്തി വാങ്ങി കുറഞ്ഞ നിരക്കിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്ന ബോർഡിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ആവശ്യമായ തുക വൈദ്യുതി ബോർഡിന് സബ്സിഡിയായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2801-80-800-99 കേരള സംസ്ഥാന വിദ്യുച്ഛക്തി റഗുലേറ്ററി കമ്മീഷൻ

വിഹിതം : 82,13,000 രൂപ നോൺ പ്ലാൻ

55. സംസ്ഥാന ജീവനക്കാരുടെ ശമ്പളപരിഷ്കരണം കൂടി കണക്കിലെടുത്താൽ സഹായധനം—ശമ്പളം ഇനത്തിൽ അനുവദിച്ചിട്ടുള്ള 57,50,000 രൂപ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ 30 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. സഹായധനം—ശമ്പളേതരം എന്ന ശീർഷകത്തിൽ യാത്രാ ചെലവിനത്തിൽ 2 ലക്ഷം രൂപയും ഇന്ധന ചെലവിനത്തിൽ 1 ലക്ഷം രൂപയും വൈദ്യുതി, ടെലഫോൺ, പ്രിന്റിംഗ്, പോസ്റ്റേജ് എന്നീ ഇനങ്ങൾക്കായി 1 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന്റെ ഓഫീസ് പ്രവർത്തനത്തിനായി 1 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

57. വിവിധ റഗുലേറ്ററി ഫോറങ്ങളിലെ മെമ്പർഷിപ്പ്, കമ്മീഷൻ ആസ്ഥാനം പ്രവർത്തിക്കുന്ന കെ.പി.എഫ്.സി. ഭവന് നൽകേണ്ട നടത്തിപ്പ് ചെലവ് എന്നീ ഇനങ്ങളിലായി 5 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

2235-60-102-98 കർഷകത്തൊഴിലാളി പെൻഷൻ

വിഹിതം : 204,26,25,060 രൂപ (നോൺ പ്ലാൻ)

58. കർഷകത്തൊഴിലാളി പെൻഷൻ ഇനത്തിൽ പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരിക്കുന്ന തുക താഴെപറയും പ്രകാരമാണ്.

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തുകൾ | : | 193,07,48,400 |
| മുനിസിപ്പാലിറ്റീസ് | : | 9,59,40,180 |
| കോർപ്പറേഷൻ | : | 1,59,36,480 |
| ആകെ | : | 204,26,25,060 രൂപ |

എല്ലാ ക്ഷേമ പെൻഷനുകളും 400 രൂപയാക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിന് അധികമായി ആവശ്യം വരുന്ന 69,48,20,700 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ആര്യാടൻ മുഹമ്മദ്,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി-VII.*